LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : രണ്ടുകാര്യങ്ങളും ചെയ്യാം. ഒന്ന്, കെ.എസ്.ഐ.ഡി.സി.-യിൽനിന്ന് പൈസ കൊടുക്കുന്നത് റെഗുലൈറസ് ചെയ്യണമെന്നുണ്ട്. തൊഴിലാളികൾക്ക് പണം കൊടുക്കുന്നതിൽ വരുന്ന കാലതാമസവും അതിന്റെ പ്രശ്നങ്ങളുമെന്താണെന്ന് വിശദമായി ഒന്നുകൂടി പരിശോധിച്ചതിനുശേഷം വേണ്ട നടപടി സ്വീകരിക്കാം. രണ്ടാമതായി ഇക്കാര്യം ഡൽഹിയിൽ ഫോളോ അപ് ചെയ്യുന്നതിനുവേണ്ടി ഏതെങ്കിലും സമർത്ഥനായ ഉദ്യോഗസ്ഥനെ ഏർപ്പാട് ചെയ്യാം.

VII സബ്മിഷൻ

1. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത

11.09 AM]

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, വില്ലേജ് ഓഫീസുകളിലുള്ള ക്ലാസ്സ്-III വിഭാഗത്തിൽപ്പെട്ട തസ്തികയാണ് വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്. വില്ലേജ് ഓഫീസറെ കൂടാതെ നിലവിലുള്ള നാല് തസ്തികകളിൽ രണ്ടുപേർ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരാണ്. വില്ലേജോഫീസുകളിലെ ജോലിഭാരം കണക്കിലെടുത്ത് 8, 9 ശമ്പള കമ്മീഷനുകൾ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് കരം രസീത് എഴുതുന്നതുൾപ്പടെയുള്ള അധികാരങ്ങൾ നിർണ്ണയിച്ച് നൽകണമെന്ന് ശിപാർശ ചെയ്യുകയുണ്ടായി. എന്നാൽ നാളിതുവരെ ഈ നിർദ്ദേശം നടപ്പിലാക്കപ്പെട്ടിട്ടില്ല. ഇതുമൂലം വില്ലേജ് ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾ യഥാസമയം സേവനം ലഭിക്കാതെ ബുദ്ധിമുട്ടനുഭവിക്കുകയാണ്. 8, 9 ശമ്പള കമ്മീഷൻ ശിപാർശ കണക്കിലെടുത്ത് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകുന്നതിന്റെ ഭാഗമായി വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ യോഗ്യത എസ്.എസ്.എൽ.സി. പാസ്സ് ആക്കി ഉയർത്തി എക്സിക്യൂട്ടീവ് ഉത്തരവ് ഇറക്കുന്നതിന് റവന്യൂ (റ്റി) വകുപ്പ് തീരുമാനിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും അംഗീകാരം നൽകുകയും ചെയ്തുപ്രകാരം നടപടിക്രമം പൂർത്തീകരിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായാൻ കത്ത് നൽകുകയും ചെയ്തു. തുടർന്ന് ഇതിനായി ഇറക്കാനിരിക്കുന്ന ഉത്തരവിന്റെ പകർപ്പ് സർക്കാരിനോട് പി.എസ്.സി. ആവശ്യപ്പെട്ടതിൻപ്രകാരം റവന്യൂ വകുപ്പ് തയ്യാറാക്കിയ എക്സിക്യൂട്ടീവ് ഉത്തരവിന്റെ കരട് രണ്ട് തവണ ഫിനാൻസ് വകുപ്പിലേയ്ക്ക് അയയ്ക്കുകയും രണ്ടുതവണയും ഫിനാൻസ് വകുപ്പ് അംഗീകാരം നൽകി റവന്യൂ വകുപ്പിലേയ്ക്ക് തിരികെ നൽകിയിട്ടുള്ളതുമാണ്.

വില്ലേജാഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് പി. ആന്റ് എ.ആർ.ഡി. നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് രസീതെഴുതാനുള്ള അധികാരം ഡെലിഗേറ്റ് ചെയ്ത് നൽകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. മാത്രമല്ല, പക്ഷഭേദമെന്യേ എല്ലാ സർവ്വീസ് സംഘടനകളും ഇതേ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ റവന്യൂ വകുപ്പിലെ സ്പെഷ്യൽ റൂളുമായി ബന്ധപ്പെട്ട് 9-10-2013-ൽ നടന്ന സർവ്വീസ് സംഘടനാ ചർച്ചയിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ യോഗ്യത എസ്.എസ്.എൽ.സി. പാസ്സ് ആക്കി ഉയർത്തണമെന്ന് ഐകകണ്ഠ്യേന തീരുമാനമെടുത്തിട്ടുള്ളതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിഗണനയിലുള്ള 70777/T1/2012/RD നമ്പർ ഫയലിൽ പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ടിന് മുമ്പായി സർക്കാരിനും ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഗുണകരമായ രീതിയിൽ അനുകൂല ഉത്തരവ് ഇറക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്നും ആവശ്യമായ സഹായം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

11.11 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞത് ശരിയാണ്. റവന്യൂ വകുപ്പിലെ വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് വില്ലേജാഫീസുകളിലെ കരം രസീത് എഴുതുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച് ഒൻപതാം ശമ്പള കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ഇപ്പോഴത്തെ വില്ലേജ് മാന്വൽപ്രകാരം കരം എഴുതാൻ നിലവിൽ വില്ലേജ് അസിസ്റ്റന്റിനും വില്ലേജാഫീസർക്കും മാത്രമേ അധികാരമുള്ളൂ. അത് വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്കുകൂടി കൊടുക്കണമെന്നുള്ളത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അതിനായി വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത ഉയർത്തണം. ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ വില്ലേജ് അസിസ്റ്റന്റിന്റെ വിദ്യാഭ്യാസ യോഗ്യത എൽ.ഡി.സി.-യുടെ നിലവിലുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയായ എസ്.എസ്.എൽ.സി. പാസ്സ് എന്നതിന് തുല്യമായി ഉയർത്തി വില്ലേജാഫീസുകളിൽ കരം രസീത് എഴുതുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ തീരുമാനമെടുക്കാമെന്നുള്ളതാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. അത് സംബന്ധിച്ച് എത്രയുംവേഗം തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly